## സ്വകാര്യ ആയുർവേദ കോളേജുകളിലെ അദ്ധ്യാപകരുടെ ശമ്പളം

* 706 [761] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആയുർവ്വേദ കോളേജുകളിലെ അദ്ധ്യാപകർക്ക് ഗവൺമെന്റ് ശമ്പളം നൽകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ നൽകുവാനുദ്ദേശിക്കുന്നുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഇല്ല.

(ബി) സ്വകാര്യ ആർട്ട്സ് ആൻറ് സയൻസ് കോളേജുകളിലെപ്പോലെ സ്വകാര്യ ആയുർവ്വേദ ഹോമിയോ കോളേജുകളിലെ അദ്ധ്യാപകർക്കും ഇതര ജീവനക്കാർക്കും ഗവൺമെൻറ് നേരിട്ട് ശമ്പളം നൽകണമെന്ന് പ്രസ്തുത ജീവനക്കാരുടെ വിവിധ സംഘടനകളും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യം ഗവൺമെൻറ് പരിശോധിച്ചുവരികയാണ്.

## ആയുർവേദ വകുപ്പിലെ മെഡിക്കൽ ആഫീസർമാർ

* 707 [763] ശ്രീ. സി. വാസുദേവമേനോൻ:
,, പി. ആർ. ശിവൻ:
,, എൻ. സുബ്രഹ്മണ്യ ഷേണായ്:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന ആയുർവേദവകുപ്പിൽ ആകെ എത്ര മെഡിക്കൽ ആഫീസർമാർ ഉണ്ട്;

(ബി) സീനിയർ മെഡിക്കൽ ഓഫീസേഴ്സും മെഡിക്കൽ ഓഫീസേഴ്സും തമ്മിലുള്ള റേഷ്യോ 1:4 ആക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ട് ഗവൺമെൻറ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നാണ്;

(ഡി) ഇതിൻറെ അടിസ്ഥാനത്തിൽ റേഷ്യോ പരിപാലിക്കത്തക്കവിധത്തിൽ പ്രമോഷൻ നൽകിയിട്ടുണ്ടോ;

(ഇ) ഇതനുസരിച്ച് എത്ര പേരെ പ്രമോട്ട് ചെയ്തു;

(എഫ്) ഇനിയും ബാക്കി എത്ര പേർ പ്രമോട്ടുചെയ്യപ്പെടാനുണ്ട്.

(ജി) 1 : 4 റേഷ്യോ നിലവിൽവരത്തക്കവിധത്തിൽ പ്രമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ;

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) മെഡിക്കൽ ആഫീസർ (ആയു.) .. 422
സീനിയർ മെഡിക്കൽ ആഫീസർ (ആയു.) .. 100
ചീഫ് മെഡിക്കൽ ആഫീസർ (ആയു.) .. 6
ആകെ 528

(ബി) ഉണ്ട്

(സി) ജി. ഒ. എം. എച്ച്. നമ്പർ 192/77/എഫ്. ഡി. പ്രകാരം 20-8-1977-ൽ

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്

(ഇ) 75 (എഴുപത്തിയഞ്ച്)

(എഫ്. & ജി.) സ്പെഷ്യലിസ്റ്റ് വിഭാഗത്തിൽ 32 മെഡിക്കൽ ആഫീസർമാരുണ്ട്. ഈ വിഭാഗക്കാർക്കും 1 : 4 റേഷ്യോ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## ആന്ധ്രാപ്രദേശിൽനിന്നും ജി. ഡി. ഐ. എം. പാസ്സായവർക്ക് രജിസ്ട്രേഷൻ

*708 [769] ശ്രീ. പി. പി. എസ്തോസ്:
,, പി. കരുണാകരൻ:
,, പി. ആർ. ശിവൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആന്ധ്രാപ്രദേശിൽനിന്നും (ഹൈദ്രാബാദ്) ജി. ഡി. ഐ. എം. എന്ന ഇൻറർഗ്രറേഡ് മെഡിക്കൽ ഡിപ്ലോമാ പാസ്സായവർക്ക് രജിസ്ട്രേഷൻ നൽകാത്തതുമൂലം അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം മെഡിക്കൽ പ്രാക്ടീഷണേഴ്സിന് രജിസ്ട്രേഷൻ നൽകാനാവശ്യമായ ഗവൺമെൻറുത്തരവ് പുറപ്പെടുവിക്കുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഉണ്ട്.

(ബി) ഈ പ്രശ്നം ഗവൺമെൻറിൻെറ പരിഗണനയിലിരിക്കുകയാണ്.

## എസ്. എഫ്. ഡി. എ. യുടെ പ്രവർത്തനം

*709 [770] ശ്രീ. എ. എ. റഹിം:
,, പി. ബാലൻ:
,, ജി. പി. മംഗലത്തുമഠം:
,, എം. വി. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എഫ്. ഡി. എ. യുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് ഇപ്പോൾ എസ്.എഫ്.ഡി.എ. യുടെ പ്രവർത്തനം നടക്കുന്നത്;

(സി) എസ്. എഫ്. ഡി. എ. യുടെ ആഭിമുഖ്യത്തിൽ പൂർത്തിയായ സ്കീമുകൾ എത്ര;

(ഡി) അവ എവിടെയെല്ലാം?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഇതേപ്പറ്റി തീരുമാനമെടുക്കേണ്ടത് കേന്ദ്രഗവൺമെൻറാണ്.

(ബി) തിരുവനന്തപുരം, കൊല്ലം, തൃശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ.

LIBRARY ARCHIVES Kerala Legislative Assembly